## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത 4673-ാം നമ്പർ ചോദ്യം 20.10.2011 -ലെ മറുപടിക്ക്

## ബാങ്കുകൾ വഴി ശമ്പളവിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടേയും ശമ്പളം ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായോ; | (എ) 23.9.2011 ലെ സ.ഉ (പി) 402/11/ധന പ്രകാരം ഗസറ്റഡ് ഓഫീസർമാർ ഉൾപ്പടെ സംസ്ഥാനത്തെ എല്ലാ ജീവനക്കാരുടേയും ശമ്പളവും മറ്റ് അലവൻസുകളും ജീവനക്കാരുടെ സമ്മതത്തോടെ ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. |
| (ബി) ജീവനക്കാരുടെ ശമ്പള വിതരണം ബാങ്കുകൾ വഴി ആക്കുന്നതു മൂലം സംസ്ഥാനത്തെ ട്രഷറി ഡിപ്പോസിറ്റുകളിൽ കുറവുണ്ടാകുമെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) 23.9.2011 ലെ ഉത്തരവു പുറപ്പെടുവിക്കുന്നതിനു മുൻപും ഭൂരിപക്ഷം സർക്കാർ ജീവനക്കാരുടേയും ശമ്പളം പണമായി വിതരണം ചെയ്തുവരുന്നതിനാൽ ട്രഷറി നിക്ഷേപത്തെ ഇത് ബാധിക്കില്ല. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി ശമ്പളം വാങ്ങുന്ന ഗസറ്റഡ് ഉദ്യോഗസ്ഥരിലും ഭൂരിപക്ഷവും ശമ്പള ദിവസങ്ങളിൽ അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുന്നുണ്ടെന്നതിനാൽ ഇതും ട്രഷറി നിക്ഷേപത്തെ കാര്യമായി ബാധിക്കുന്നില്ല. |
| (സി) ട്രഷറി ഡിപ്പോസിറ്റിൽ ഉണ്ടാകുന്ന കുറവ് സംസ്ഥാനത്തെ വികസന പദ്ധതികളെ ഏതെങ്കിലും തരത്തിൽ ബാധിക്കുമെന്ന് കരുതുന്നുണ്ടോ; | (സി) (ബി) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ